ഭ്രരഹിതരില്ലാത്ത കേരളം 2015 പദ്ധതിയുടെ ഒന്നാംഘട്ടമായി 14 ജില്ലകളിലുമായി 36491 ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിച്ചിരുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സെന്ററുകൾ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്.

ജില്ലകൾതോറും എമർജൻസി ഓപ്പറേഷൻ സെന്ററുകൾ പൂർണ്ണ സജ്ജീകരണത്തോടുകൂടി പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വില്ലേജ് ഓഫീസ്-കം-റസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വില്ലേജ് ഓഫീസ്-കം റസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

ജി.പി.എസ്, ഇ.റ്റി.എസ് എന്നീ ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തി ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉൾപ്പെടുത്തികൊണ്ട് മോഡേൺ ഗവൺമെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേ (MGRTCS) (മോഡേൺ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട്) എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മണൽ ആഡിറ്റിംഗ്

29 (*419) ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നദികളിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്; എത്ര നദികളിലെ മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആഡിറ്റിംഗ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ മണൽക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ജി.ഒ.(എം. എസ്.) 338/12/റവ. തീയതി 12-9-2012 പ്രകാരം സംസ്ഥാനത്തെ 20 നദികളിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനായി 20 ഏജൻസികളെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 14 നദികളുടെ മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്.

(ബി) 11 നദികളുടെ ആഡിറ്റിംഗ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ച് മണൽ ലഭ്യമായ നദികളിൽ മണൽ ഖനനം അനുവദിച്ചുകൊണ്ടും ലഭ്യമല്ലാത്തവയിൽ മണൽ ഖനനം നിരോധിച്ചുകൊണ്ടും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 15-11-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 13/2014/ പരിസ്ഥിതി ഉത്തരവു പ്രകാരം വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുള്ള നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടില്ലാത്ത നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് താൽക്കാലിക അനുമതി നൽകിയും വീട് നിർമ്മാണത്തിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിന്റെ അതിർത്തിയിലൂടെ മണൽ കൊണ്ടുവരുന്നത് സുഗമമാക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അനധികൃത മണൽ കടത്ത് കണ്ട് കെട്ടുന്ന മണൽ പൊതുമരാമത്ത് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നിർമ്മിതികേന്ദ്രയുടെ കലവറ വഴി വിതരണം ചെയ്യുന്നുണ്ട്.

അദ്ധ്യാപക പാക്കേജ്

30 (*420) ശ്രീ. കെ. സുരേഷ് കറുപ്പ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly